പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4659

23.07.2015 ൽ മറുപടിയ്ക്ക്

## കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ നിയമനം

**ചോദ്യം**

ശ്രീ. ജി. സുധാകരൻ

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

(എ) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളത്; തസ്തിക തിരിച്ച് വിശദമാക്കാമോ;

(എ) സഹകരണ സംഘം രജിസ്ട്രാർ അംഗീകരിച്ച ബാങ്കിന്റെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് 267 ഒഴിവുകൾ ഉണ്ട്. തസ്തിക തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| Vacancy Position | | |
|---|---|---|
| **Sl.No** | **Designation** | **No. of Vacancy** |
| 1 | Managing Director | 1 |
| 2 | General Manager | 1 |
| 3 | Admn. Officer/CIOs/Principal STC | 2 |
| 4 | CAO | 1 |
| 5 | CAE | 1 |
| 6 | Agricultural Engineer | 1 |
| 7 | Hydrogeologist | 1 |
| 8 | RM/FM/ADM/CF | 11 |
| 9 | Deputy Manager (1 long leave) | 4 |
| 10 | Assistant Manager | 2 |
| 11 | Law Officer | 11 |
| 12 | Agricultural Officer | 55 |
| 13 | Statistical Officer | 2 |
| 14 | Assistant | 97 |
| 15 | Typist | 19 |
| 16 | Steno | 3 |

| | | |
|---|---|---|
| 17 | Vehicle Supervisor | 1 |
| 18 | Electrician | 1 |
| 19 | Receptionist cum Telecom Operator | 1 |
| 20 | Driver | 11 |
| 21 | Sergeant | 1 |
| 22 | Peon/Lift Operator | 32 |
| 23 | Cleaner | 1 |
| 24 | Guest Room Keepers | 7 |
| | **Total** | **267** |

(ബി) ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പി.എസ്.സി. വഴി നിയമനം നടത്തുന്നതിലേയ്ക്കായി റിക്രൂട്ട്മെന്റ് റൂൾസ് അംഗീകരിച്ചുകിട്ടുന്നതിന്റെ ഭാഗമായി കേരള പബ്ലിക് സർവീസ് കമ്മീഷൻ ശുപാർശ ചെയ്ത കരട് റിക്രൂട്ട്മെന്റ് റൂൾസ് ജനറൽ മാനേജരുടെ തസ്തിക ഒഴിച്ചുള്ള എല്ലാ മാനദണ്ഡങ്ങളും ബാങ്കിന്റെ 18.03.2015 ൽ കൂടിയ ഭരണസമിതി അംഗീകരിക്കുകയും ടി റിക്രൂട്ട്മെന്റ് റൂൾസിന് അംഗീകാരം നൽകണമെന്ന് പി.എസ്.സി. യെ അറിയിച്ചിട്ടുമുണ്ട്.

(സി) അസിസ്റ്റന്റ് തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലിക നിയമനം നടത്തുന്നതിനുവേണ്ടി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് എന്നാണ് ലഭിച്ചത്; പ്രസ്തുത ലിസ്റ്റിൽ നിന്നും കൂടിക്കാഴ്ച നടത്തി നിയമനം നൽകാത്തതിന് കാരണം വ്യക്തമാക്കാമോ;

(സി) 2014 ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് വിവിധ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ലിസ്റ്റ് ലഭിച്ചത്. ബാങ്കിൽ കരാറടിസ്ഥാനത്തിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്തുന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയുടെ താൽക്കാലിക സ്റ്റേ ഉത്തരവ് ഉള്ളത് കാരണം ടി ലിസ്റ്റിൽ നിന്നും ബാങ്കിന് കരാറടിസ്ഥാനത്തിൽ നിയമനം നടത്താൻ സാധിച്ചിട്ടില്ല. മേൽ പ്രകാരമുള്ള സ്റ്റേ 21.05.2015 ൽ മാറിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ഡി) | കരാറടിസ്ഥാനത്തിൽ എത്ര അഗ്രികൾച്ചറൽ ഓഫീസർമാർ ജോലി ചെയ്യുന്നുണ്ട്; ഇവരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ഡി) | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ 37 പേർ കരാറടിസ്ഥാനത്തിൽ അഗ്രിക്കൾച്ചറൽ ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്നുണ്ട്. അഗ്രിക്കൾച്ചറൽ ഓഫീസർമാരായി നിയമിച്ചിട്ടുള്ളവരെ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടില്ല. |
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ എത്ര ഗസ്റ്റ്റൂം കീപ്പറെ നിയമിച്ചിട്ടുണ്ട്; ഏത് മാനദണ്ഡപ്രകാരമാണ് ഇവരെ നിയമിച്ചതെന്ന് വ്യക്തമാക്കാമോ; | (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ 10 പേരെ ഗസ്റ്റ് റൂം കീപ്പറായി നിയമിച്ചിട്ടുണ്ട്.<br>സഹകരണ സംഘം രജിസ്ട്രാറുടെ 15.02.2012 ലെ സി.എൽ.റ്റി(2) 5738/2011 ഉത്തരവിന്റെയും 26.11.2014 ലെ സി.എൽ.റ്റി(2) 21502/2014 നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് ഗസ്റ്റ് റൂം കീപ്പർമാരെ നിയമിച്ചിട്ടുള്ളത്. |
| (എഫ്) | ഗസ്റ്റ് റൂം കീപ്പർക്ക് പ്യൂൺ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോ; എത്ര പേർക്ക് ഇങ്ങനെ പ്രമോഷൻ നൽകി; വ്യക്തമാക്കാമോ; | (എഫ്) | 7 ഗസ്റ്റ് റൂം കീപ്പർമാർക്ക് പ്യൂൺ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. |
| (ജി) | പി.എസ്.സി. മുഖേന നിയമനം വ്യവസ്ഥ ചെയ്തിട്ടുള്ള പ്യൂൺ തസ്തികയിൽ ഗസ്റ്റ് റൂം കീപ്പർമാർക്ക് പ്രൊമോഷൻ നൽകിയത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ? | (ജി) | ബാങ്കിന്റെ 31.05.2014 ലെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഗസ്റ്റ്റൂം കീപ്പർമാർക്ക് ഉദ്യോഗക്കയറ്റം നൽകിയത്. പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്നതിന് റിക്രൂട്ട്മെന്റ് റൂൾ അംഗീകരിച്ചിട്ടില്ലാത്തതിനാൽ ഭരണസമിതി ഉദ്യോഗക്കയറ്റം നൽകുകയാണുണ്ടായത്. |

സെക്ഷൻ ഓഫീസർ